# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ ഗുണഭോക്താക്കള്‍ക്കുള്ള തുക</u>

5585 ശ്രീ. ഷാഫി പറമ്പില്‍
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗക്കാര്‍ക്ക് ചെലവഴിക്കുന്ന തുക ഗുണഭോക്താക്കളില്‍ എത്തുന്നുണ്ടോ എന്ന് പരിശോധിക്കാന്‍ നിലവില്‍ എന്തെല്ലാം സംവിധാനങ്ങളുണ്ട്;

(ബി) ഈ സംവിധാനങ്ങളില്‍ എന്തെല്ലാം പോരായ്മകള്‍ നിലനില്‍ക്കുന്നു ; ഇതിനായി മറ്റ് വകുപ്പുകളുമായി യോജിച്ച് ഒരു പ്രത്യേക സംവിധാനം ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുക്കാനുദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## പട്ടികവര്‍ഗ്ഗ ഹെറിറ്റേജ് അക്കാഡമി

5586 ശ്രീ. വി. ഡി. സതീശന്‍
,, പി. സി. വിഷ്ണുനാഥ്
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഒരു പട്ടികവര്‍ഗ്ഗ ഹെറിറ്റേജ് അക്കാഡമി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ അക്കാഡമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പട്ടികവര്‍ഗ്ഗക്കാരുടെ സംസ്കാരവും നൈപുണ്യവും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അക്കാഡമി രൂപീകരണത്തില്‍ വേണ്ടത്ര പ്രാധാന്യം നല്‍കുമോ;

(ഡി) പ്രസ്തുത അക്കാഡമി രൂപീകരണത്തിനുള്ള സാധ്യതാ പരിശോധനയ്ക്ക് തുടക്കമിട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം**

5587 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എൻ. എ. ഖാദർ
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം നൽകുമോ;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പു ചുമതല നൽകിയിട്ടുള്ളത് ഏതൊക്കെ വകുപ്പുകൾക്കാണ്;

(സി) ഈ പദ്ധതികൾക്കുള്ള ഫണ്ടിന്റെ വിനിയോഗവും, പ്രവർത്തനനേട്ടവും വിലയിരുത്തുന്നതിനുള്ള സംവിധാനമെന്താണ്;

(ഡി) ഏറ്റവും ഒടുവിലെ വിലയിരുത്തലിൽ (2010-11) പ്രവർത്തനമാന്ദ്യമുണ്ടായതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**2012 - 2013 വര്‍ഷത്തെ പട്ടികവര്‍ഗ്ഗ മേഖലക്കനുവദിച്ച പദ്ധതികള്‍**

**5588 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 2012 - 2013 വര്‍ഷത്തെ സംസ്ഥാന ബഡ്ജറ്റില്‍ പട്ടികവര്‍ഗ്ഗ മേഖലയില്‍ എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഓരോ പദ്ധതിക്കുമായി എന്തു തുക നീക്കിവെച്ചെന്ന് വിശദമാക്കാമോ;

(സി) ഈ തുകയില്‍ ഓരോ പദ്ധതിക്കും ഇതിനകം എന്തു തുക നല്‍കിയെന്നും എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ;

(ഡി) ഈ ഓരോ പദ്ധതികളിലും പ്രവര്‍ത്തനം ആരംഭിച്ചത് ഏതൊക്കെയെന്നും, പ്രവൃത്തി ആരംഭിക്കാത്തത് ഏതൊക്കെ യെന്നും വിശദമാക്കാമോ?

# കേരള നിയമസഭ

# 06.07.2012-ലെ മറുപടിക്ക്

## പട്ടിക വര്‍ഗ്ഗ ക്ഷേമത്തിനായി വകയിരുത്തിയ ഫണ്ട്

5589 ശ്രീ. ഇ. ചന്ദ്രശേഖരന്‍
,, വി. ശശി
,, ചിറ്റയം ഗോപകുമാര്‍
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവു
കളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പട്ടിക വര്‍ഗ്ഗ ക്ഷേമത്തിനായി വകയിരുത്തിയിരുന്ന ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; എങ്കില്‍ എന്തു തുക വകമാറ്റി ;

(ബി) സര്‍ക്കാര്‍ ഫണ്ടുപയോഗിച്ച് എന്തെല്ലാം വികസന പ്രവര്‍ത്തനങ്ങളാണ് പട്ടിക വര്‍ഗ്ഗ കോളനികളില്‍ നടത്തുന്നത് ; വ്യക്തിഗത ആനുകൂല്യങ്ങള്‍ നല്‍കുന്നുണ്ടോ ;

(സി) പ്രസ്തുത പ്രവര്‍ത്തനങ്ങള്‍ ഏതെങ്കിലും ഏജന്‍സികള്‍ മുഖാന്തിരമാണോ നടത്തുന്നത് ;

(ഡി) ഫണ്ട് പൂര്‍ണ്ണമായി പദ്ധതി വിഭാവനം ചെയ്യുന്ന പ്രവൃത്തികള്‍ക്ക് വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ ; ഇല്ലെങ്കില്‍ അതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>വനാന്തരങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം</u>

5590 ശ്രീ. ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൂർണ്ണ സമ്മതത്തോടും സഹകരണത്തോടും മാത്രം വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ

# 06.07.2012-ലെ മറുപടിക്ക്

**<u>പട്ടികജാതി വകുപ്പിന്റെ കീഴിൽ വ്യവസായ പരിശീലന കേന്ദ്രങ്ങൾ</u>**

**5591 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വകുപ്പിന്റെ കീഴിൽ എത്ര വ്യവസായ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.റ്റി വകുപ്പിൽ പുതിയ വ്യവസായപരിശീലന സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## മോഡൽ റസിഡൻഷ്യൽ സ്കൂൾ

5592 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയും പട്ടികവർഗ്ഗ വികസന വകുപ്പും ചേർന്നു നടത്തിയ ഓൺലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന്റെ ഫലം പ്രസിദ്ധീകരിച്ചോ; എത്ര വിദ്യാർത്ഥികൾ ടെസ്റ്റിൽ പങ്കെടുത്തു;

(ബി) ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**വയനാട് ജില്ലയിലെ പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ പഠിക്കുന്ന റസിഡന്‍ഷ്യല്‍ സ്കൂളുകളുടെ - വികസനം**

5593 **ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വയനാട് ജില്ലയിലെ പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ പഠിക്കുന്ന റസിഡന്‍ഷ്യല്‍ സ്കൂളുകളിലെ ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ മോഡല്‍ റസിഡന്‍ഷ്യല്‍ സ്കൂളുകളിലെ പ്രശ്നത്തെക്കുറിച്ച് പഠിക്കാന്‍ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യം വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**<u>പട്ടികവര്‍ഗ്ഗ സങ്കേതങ്ങളില്‍ ശ്മശാന നിര്‍മ്മാണം</u>**

**5594 ശ്രീ. ഇ. ചന്ദ്രശേഖരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പല പട്ടികവര്‍ഗ്ഗ സങ്കേതങ്ങളിലും ശവസംസ്കാരം നടത്തുന്നതിന് സൗകര്യമില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ശ്മശാനങ്ങള്‍ ഇല്ലാത്ത പ്രദേശങ്ങളില്‍ ഭൂമിയും, ശ്മശാനം നിര്‍മ്മിക്കുവാനുള്ള ധനസഹായവും നല്‍കുന്ന പദ്ധതി നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ഷോളയാര്‍ പട്ടികവര്‍ഗ്ഗ സൊസൈറ്റി</u>

5595 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

ചാലക്കുടി മണ്ഡലത്തില്‍പ്പെട്ട ഷോളയാര്‍ പട്ടികവര്‍ഗ്ഗ സൊസൈറ്റിയുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനും,പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട ജനവിഭാഗത്തിന് കൂടുതല്‍ തൊഴില്‍ അവസരങ്ങള്‍ സൃഷ്ടിക്കുന്നതിനുമായി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമൊ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കോതമംഗലം നിയോജകമണ്ഡലത്തിലെ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട വീടില്ലാത്തവര്‍**

5596

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട എത്ര കുടുംബങ്ങള്‍ക്കാണ് വീടില്ലാത്തത്;

(ബി) സ്വന്തമായി വീടില്ലാത്തവര്‍ക്ക് സമയബന്ധിതമായി വീട് നിര്‍മ്മിച്ച് നല്‍കുന്നതിന് എന്ത് നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിയോജകമണ്ഡലത്തിലെ ആദിവാസി ഊരുകളിലും സെറ്റില്‍മെന്റ് കോളനികളിലും അടിസ്ഥാന സൗകര്യവും മറ്റും നല്‍കുന്നതിന് എന്ത് നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമി, വീട് സാനിറ്റേഷന്‍ സൗകര്യം എന്നിവ ഇല്ലാത്തവര്‍ക്ക് അവ അടിയന്തിരമായി നല്‍കുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>പറമ്പിക്കുളം പ്രീമെട്രിക് ഹോസ്റ്റൽ</u>

5597

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലിന്റെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>എല്ലാ ആദിവാസി കുടുംബങ്ങൾക്കും വാസയോഗ്യമായ വീട്</u>

5598 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ആദിവാസി കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിച്ച് നല്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി ജനവിഭാഗങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ആദിവാസികൾക്ക് കൂലിയും വീടും</u>

5599 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂരഹിതരായും ഭവനരഹിതരായും എത്ര ആദിവാസി കുടുംബങ്ങളുണ്ട് ; ഇവർക്ക് ഭൂമിയും വീടും നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂരഹിതരായവർക്കുവേണ്ടി ഭൂമി എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) കോങ്ങാട് മണ്ഡലത്തിൽ ഭൂരഹിതരായവരും ഭവനരഹിതരായ വരുടേയും വിവരങ്ങൾ നൽകുമോ ; ഇവർക്ക് ഭൂമിയും വീടും നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ ആദിവാസി കുടുംബത്തിനും 5 ഏക്കർ ഭൂമി നൽകുക എന്ന പ്രഖ്യാപിത നയത്തിൽ നിന്ന് സർക്കാർ പിന്നോട്ട് പോയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ആദിവാസി ഭൂമി കൈയ്യേറ്റം</u>

5600 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' എ. റ്റി. ജോർജ്
'' പാലോട് രവി
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഭൂമി കൈയ്യേറ്റം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത് ;

(ബി) ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട് പരാതി നൽകാൻ എന്തെല്ലാം സംവിധാനമാണ് വകുപ്പിലുള്ളത് ; വിശദമാക്കുമോ ;

(സി) പരാതികൾ പരിഹരിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നടപ്പാക്കുവാനുദ്ദേശിക്കുന്നുണ്ട് ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ ഭൂമിക്കു വേണ്ടിയുള്ള ആദിവാസികളുടെ സമരം</u>

5601 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഭൂമിക്കു വേണ്ടിയുള്ള ആദിവാസികളുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വയനാട് ജില്ലയിൽ സമരം ചെയ്യുന്ന സംഘടനകളുമായി ഏതൊക്കെ തലങ്ങളിൽ ചർച്ചകൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ തലത്തിലുള്ള ചർച്ചകളിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ വിശദമാക്കുമോ;

(ഡി) ഈ സമരത്തിൽ പങ്കെടുക്കുന്ന എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും, ജയിലിലടച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഇ) ആദിവാസി വിഭാഗത്തിന് ഭൂമി നൽകുന്നതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ തുക വകയിരുത്തി വയനാട്ടിലെ ആദിവാസി വിഭാഗങ്ങൾക്ക് ഭൂമി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>വാച്ചുമരം ആദിവാസി കോളനി നിവാസികൾക്ക് ഭൂമി</u>

5602 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം ആദിവാസികോളനി നിവാസികൾക്ക് വീട് വയ്ക്കുന്നതിനും, കൃഷി ചെയ്യുന്നതിനും ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ആദിവാസി വിഭാഗക്കാർക്ക് സ്വന്തമായി വീടും സ്ഥലവും**

**5603 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി പഞ്ചായത്തിലെ 137 ആദിവാസി കുടുംബങ്ങൾക്ക് സ്വന്തമായി വീടും സ്ഥലവും ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് സ്വന്തമായി വീടും സ്ഥലവും ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖല</u>

5604 ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി.
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖലയിൽ നിന്നുളള ഉല്പന്നങ്ങളുടെ ലാഭകരമായ വിപണനത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുളളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ**

5605 ശ്രീ. ഹൈബി ഈഡൻ
'' എ.റ്റി. ജോർജ്
'' സണ്ണി ജോസഫ്
'' എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ തുടങ്ങാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഏത് വകുപ്പിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്;

(സി) ആദ്യഘട്ടത്തിൽ എവിടെയാണ് പദ്ധതി നടപ്പാക്കുന്നത്;

(ഡി) സംസ്ഥാനത്ത് ഇത് വ്യാപിപ്പിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**പ്രമോട്ടർമാർ**

**5606 ശ്രീ. എ.കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രമോട്ടർമാരായി എത്രപേർ പട്ടികവർഗ്ഗക്ഷേമ വകുപ്പിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട് ; ഇവരുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ;

(ബി) ഇതിൽ എസ്സി/എസ്ടി വിഭാഗത്തിൽപ്പെട്ട എത്രപേർ ഉണ്ട്; ഇവരുടെ വേതനം എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**സൗജന്യ റേഷൻ**

5607 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വർഷകാലത്ത് ആദിവാസി കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്കും, മുൻവർഷങ്ങളിൽ നൽകിയതുപോലെ, സൗജന്യറേഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡെവലപ്പ്മെന്റ് മിഷൻ

5608 ശ്രീ. സി. കെ. സദാശിവൻ
,, കെ. വി. വിജയദാസ്
,, കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡെവലപ്പ്മെന്റ് മിഷന്റെ രൂപീകരണം, ഉദ്ദേശ്യലക്ഷ്യങ്ങൾ, ഓഫീസ് ഘടന, ഫണ്ട് ലഭ്യത എന്നിവ എപ്രകാരമാണ്;

(ബി) ആദിവാസികൾക്കായി 2006 മേയ് മുതൽ 2011 മെയ് വരെ ഈ മിഷന്റെ നേതൃത്വത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; എത്ര രൂപ ഇതിനായി ചെലവായി; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2011 മെയ് മാസത്തിന് ശേഷം മിഷന്റെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി; 2012 മാർച്ച് 31 വരെ എത്ര രൂപ ഇതിനായി ചെലവാക്കി; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) 2011-12 ബജറ്റിൽ എത്ര തുകയാണ് മിഷന് വേണ്ടി നീക്കിവെച്ചത്; അതിൽ എത്ര രൂപ ചെലവാക്കി;

(ഇ) 2012-13 ബജറ്റിൽ മിഷന്റെ പ്രവർത്തനങ്ങൾക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 06.07.2012-ലെ മറുപടിക്ക്

<u>ആദിവാസി മേഖലയിലെ പട്ടിണി</u>

5609 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങളിൽ പട്ടിണി കിടക്കുന്നവർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസികളാണ് വിവരശേഖരണം നടത്തിയത്; ഏതെല്ലാം മേഖലകളിലാണ് പട്ടിണി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ?

## കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ആദിവാസി മേഖലയിലെ ലൈംഗിക ചൂഷണം**

5610 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' ബാബു എം. പാലിശ്ശേരി
'' കെ. വി. വിജയദാസ്
'' കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ആദിവാസി മേഖലയിലെ ലൈംഗിക ചൂഷണം തടയാൻ നിലവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ആദിവാസി പഠന ഗവേഷണ കേന്ദ്രം</u>

5611

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ചെതലയത്ത് ആദിവാസി പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലായോ; ഇതിന് വേണ്ടി സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(ബി) ഈ ഗവേഷണ കേന്ദ്രത്തിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തി; ഇതിൽ എത്ര ചെലവഴിച്ചു?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ ഗോത്രവർഗ്ഗത്തിൽപ്പെട്ടവർ**

5612 **ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഗോത്രവർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ കാസർഗോഡ് ജില്ലയിൽ താമസിക്കുന്നുണ്ടെന്നും ഇവർക്ക് എന്തൊക്കെ സഹായപദ്ധതികളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**യുവജനക്ഷേമ പദ്ധതികൾ**

5613 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം യുവജനങ്ങളുടെ ക്ഷേമകാര്യങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കേരളോത്സവങ്ങളുടെ നടത്തിപ്പ്**

**5614 ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളോത്സവങ്ങളുടെ നടത്തിപ്പ് പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കേരളോത്സവങ്ങളിലെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പ്രോത്സാഹനങ്ങൾ നൽകുന്ന കാര്യം ആലോചിക്കുമോ;

(സി) ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഗ്രാമങ്ങളിലുള്ള ക്ലബുകൾക്കും സാംസ്കാരിക സംഘടനകൾക്കും കൂടുതൽ ആനുകൂല്യങ്ങൾ കേന്ദ്ര സഹായത്തോടെ ലഭ്യമാക്കാൻ ശ്രമിക്കുമോ?